(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമസഹായം നൽകുന്നതിനും വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വാഹനച്ചെലവും വഹിക്കുന്നതിലേക്കായി 'Pravasi Legal Assistance' (പ്രവാസി നിയമസഹായം) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമവിദഗ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

(ബി) 'Pravasi Legal Assistance' (പ്രവാസി നിയമസഹായം) നടത്തിപ്പ് സംബന്ധിച്ച് സഹായമാവശ്യമുള്ള പ്രവാസി മലയാളി, അവരുടെ കുടുംബാംഗങ്ങൾ, നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, തുടങ്ങിയവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ വിദേശരാജ്യങ്ങളിലെ എംബസിക്കും കേസ്സുകൾ റഫർ ചെയ്യാവുന്നതാണ്. എംബസി നിർദ്ദേശിക്കുന്ന നിയമവിദഗ്ധർ നൽകുന്ന നിയമ സഹായത്തിന് ചെലവാക്കുന്ന തുക പരമാവധി 2 ലക്ഷം രൂപ റീഇംബേഴ്സ്മെന്റായി നൽകുകയാണ് ചെയ്യുന്നത്.

പ്രവാസി സമഗ്ര പുനരധിവാസ പദ്ധതി

75 (2708) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി സമഗ്ര പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭത്തിനായി വായ്പകൾ നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് വായ്പകൾ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരികെ എത്തുന്ന പ്രവാസി മലയാളികൾക്ക് ഒരു സുസ്ഥിര വരുമാന മാർഗ്ഗം കണ്ടെത്തുക എന്ന ഉദ്ദേശത്തോടെ ഒരു സമഗ്ര പുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. താഴെപ്പറയുന്ന 5 പ്രധാന ഘടകങ്ങളാണ് സമഗ്ര പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് :

1. തിരികെയെത്തിയ പ്രവാസികളെ അവരുടെ താൽപ്പര്യമനുസരിച്ച് വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയയ്ക്കുക.
2. ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് തിരികെയെത്തിയ പ്രവാസികളുടെ പുനരേകീകരണം.
3. സ്വയം സംരംഭക സഹായ പദ്ധതി.
4. പ്രവാസി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുന്ന പദ്ധതി.
5. സ്വയംതൊഴിൽ/നിക്ഷേപ സംരംഭങ്ങൾ.

സമഗ്ര പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ, വിദേശ മലയാളി പ്രമുഖർ, പ്രവാസി മലയാളി സംഘടനകൾ എന്നിവയുടെ സഹകരണവും കേന്ദ്രസഹായവും അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പുപോലെയുള്ള വിവിധ വകുപ്പുകളുടെ സഹകരണവും പദ്ധതി നടത്തിപ്പിന് അനിവാര്യമാണ്. ആയതിലേക്കായി വിവിധ തലത്തിലുള്ള ചർച്ചകൾക്കുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തിരികെയെത്തി രജിസ്റ്റർ ചെയ്ത പ്രവാസികൾക്ക് നോർക്ക വകുപ്പ് നടപ്പാക്കിവരുന്ന പ്രവാസി പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) മുഖേന സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ബാങ്ക് ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. 915 പേർക്ക് കനറാ ബാങ്കും യൂണിയൻ ബാങ്കും മുഖേന വായ്പ ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഈ പദ്ധതിപ്രകാരം കാർഷിക-വ്യവസായം (കോഴിവളർത്തൽ (മുട്ടക്കോഴി, ഇറച്ചിക്കോഴി)), മൽസ്യകൃഷി (ഉൾനാടൻ മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി), ക്ഷീരോൽപ്പാദനം, ഭക്ഷ്യസംസ്കരണം, സംയോജിത കൃഷി, ഫാം ടൂറിസം, ആടുവളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവയും, കച്ചവടം (പൊതു വ്യാപാരം-വാങ്ങുകയും വിൽക്കുകയും ചെയ്യൽ), സേവനങ്ങൾ (റിപ്പെയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ), ഉത്പാദനം ചെറുകിട-ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉൽപ്പന്നങ്ങൾ, ഫർണ്ണിച്ചറും തടി വ്യവസായവും, സോപ്പുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവയും) എന്നീ മേഖലകളിലാണ് സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുന്നത്.

നോർക്ക റൂട്ട്സും കനറാ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവരുമായി ഒപ്പു വെച്ചിട്ടുള്ള ധാരണാപത്രംപ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി നോർക്ക റൂട്ട്സാണ് പദ്ധതി നടപ്പാക്കിവരുന്നത്. നോർക്ക റൂട്ട്സിലെയും ബാങ്കുകളുടെ പ്രതിനിധികൾ/ഉദ്യോഗസ്ഥരടങ്ങിയ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി അപേക്ഷകരുടെ രേഖകൾ പരിശോധിച്ച് ലോണിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ഗുണഭോക്താക്കളുടെ സമീപത്തുള്ള ബാങ്കിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. ബാങ്ക് നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പ്രോജക്ടുകളുടെ 'ഫീസിബിലിറ്റി' പരിശോധിച്ച് ബാങ്കുകൾ ലോൺ വിതരണം ചെയ്യുന്നു.

പ്രവാസി പുനരധിവാസ പദ്ധതി

76 (2709) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി പുനരധിവാസ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രവാസികൾക്ക് ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) വിദേശത്തുവച്ചു മരണപ്പെടുന്ന പ്രവാസികളുടെ കുടുംബങ്ങൾക്കുള്ള ധന സഹായം നൽകുന്നുണ്ടോ ; എത്ര കുടുംബങ്ങൾക്കാണ് കഴിഞ്ഞ നാല് വർഷം ഈ ഇനത്തിൽ സഹായം നൽകിയത് ?

LIBRARY ARCHIVES Kerala Legislative Assembly